ഉത്തരം

(എ) നെൽകൃഷി ചെയ്യുന്നതിനുള്ള ചെലവ് കൂടിവരുന്നതും, കർഷക തൊഴിലാളികളുടെ ദൗർലഭ്യവും, നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് മറ്റ് നാണ്യവിളകൾ കൃഷി ചെയ്യുന്നതിനാലും യഥാസമയം മഴ ലഭിക്കാത്തതുകൊണ്ടും കൃഷി സ്ഥലങ്ങൾ മണ്ണിട്ട് നികത്തുന്നതുകൊണ്ടും നെൽകൃഷി ആദായകരമല്ലാത്തതിനാലും, ഉല്പാദനശേഷി കൂടിയ വിത്തിനങ്ങളുടെ അഭാവം കൊണ്ടുമാണ് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നത്.

(ബി) അനുമതി കൂടാതെ നെൽപ്പാടം നികത്തുന്നതിനും മറ്റ് കൃഷി-കൃഷിയേതര ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതിനും എതിരെ 1967-ലെ കേരളാ ഭൂവിനിയോഗ നിയമം നിലവിലുണ്ട്. ഇതുപ്രകാരം അതാത് ജില്ലാ റവന്യൂ അധികാരികൾ നടപടികൾ സ്വീകരിച്ചുവരുന്നു.

തെങ്ങുകൾക്ക് രോഗപ്രതിരോധ പ്രവർത്തനങ്ങൾ

79 [2048] ശ്രീ. മഞ്ഞളാംകുഴി അലി:
,, വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ തെങ്ങുകൾക്ക് രോഗം ബാധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തന പരിപാടികൾ എന്തെല്ലാമാണ് എന്നു വിശദമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള തെങ്ങ് ഗവേഷണ കേന്ദ്രം രോഗ പ്രതിരോധ മരുന്ന് തളിക്കുന്ന പ്രവർത്തനം നടത്തുന്നുണ്ടോ;

(ഡി) തെങ്ങുരോഗ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് തെങ്ങ് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കാറ്റുവീഴ്ച രോഗം രൂക്ഷമായതും ഒട്ടും ആദായകരമല്ലാത്തതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനു ധനസഹായം നൽകുന്നു.

2. രോഗവ്യാപനം തടയുന്നതിനു അതിർത്തിജില്ലകളായ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും മുറിച്ചുമാറ്റുന്നതിനുള്ള നാളികേര ടെക്നോളജി മിഷൻ പദ്ധതി നടപ്പിലാക്കുന്നു.

3. തെങ്ങിൻ തോട്ടങ്ങളിലെ ശാസ്ത്രീയ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രദർശന തോട്ടങ്ങൾ നിർമ്മിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. കൂമ്പ് ചീയൽ രോഗം വ്യാപകമായ കോഴിക്കോട് ജില്ലയിൽ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നു.

5. സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നു.

6. വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് പ്രത്യേക ധനസഹായം നൽകുന്നു.

7. ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നു.

8. നല്ലയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും നടക്കുന്നു.

9. മണ്ഡരി വ്യാപിക്കാതിരിക്കുന്നതിനുള്ള മരുന്നുതളി നടന്നുവരുന്നു.

(സി) തെങ്ങുരോഗ ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രോഗപ്രതിരോധ മരുന്നുതളി നടക്കുന്നതായി അറിവില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

മണ്ഡരി പ്രതിരോധത്തിന് ചെലവഴിച്ച തുക

80 [2049] ശ്രീ. ഡി. സുഗതൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
,, രാധാ രാഘവൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ മണ്ഡരി രോഗം പ്രത്യക്ഷപ്പെട്ടത് എന്ന് മുതലാണ്;

(ബി) മണ്ഡരി പ്രതിരോധത്തിനുവേണ്ടി ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) മണ്ഡരി രോഗം ഫലപ്രദമായി തടയുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) മണ്ഡരി രോഗപ്രതിരോധത്തിന് കേരവികസന ബോർഡ് എന്ത് തുക നൽകി;

(ഇ) അതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു?

ഉത്തരം

(എ) 1998 മാർച്ച് മാസത്തിൽ.

(ബി) 2576.3 ലക്ഷം രൂപ.

(സി) ഉണ്ട്. എങ്കിലും പൂർണ്ണമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 2521 ലക്ഷം രൂപ.

(ഇ) 217.75 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly